KOTTAYAM PUBLIC LIBRARY

Call No. M294 Acc. No. 13851

Author നാലപ്പാട്ട് നാരായണമേനോൻ

Title ചക്രവാളം

M
294
A GA
D

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

973

# ധർമ്മം.

ശ്രീ. ആഗമാനന്ദസ്വാമികൾ.

1953

വില 4 ണ.

Printed At
Rajan's Printing Works, Kalady.

# അദ്വൈതാശ്രമ—

# പ്രസിദ്ധീകരണങ്ങൾ

## ജീവചരിത്രങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1. | ശ്രീരാമകൃഷ്ണദേവൻ | ... | 1 | 0 | 0 |
| 2. | എന്റെ ആചാര്യദേവൻ. (ശ്രീരാമകൃഷ്ണനെക്കുറിച്ചു് ശ്രീ വിവേകാനന്ദസ്വാമികളുടെ ഏക പ്രസംഗം) | ... | 0 | 10 | 0 |
| 3. | യുഗാവതാരം. (ശ്രീരാമകൃഷ്ണനെക്കുറിച്ചു് ശ്രീ. വിവേകാനന്ദസ്വാമികളുടെ വാക്കുകളിൽ) | ... | 0 | 7 | 0 |
| 4. | ശ്രീരാമകൃഷ്ണനെപ്പററി നെഹ്റു | ... | 0 | 0 | 6 |
| 5. | ശ്രീരാമകൃഷ്ണനും സ്വാമി വിവേകാനന്ദനും. (ജവഹർലാൽ നെഹ്റു) | ... | 0 | 2 | ? |
| 6. | ശ്രീ ശാരദാദേവി ... | ... | 0 | 12 | 0 |
| 7. | ശ്രീ വിവേകാനന്ദസ്വാമികൾ. | ... | 0 | 14 | 0 |
| | ടി. മേനിക്കടലാസിൽ | ... | 1 | 4 | 0 |
| 8. | സ്വാമി വിവേകാനന്ദനും സ്വാതന്ത്ര്യഭാരതവും. | ... | 0 | 2 | 0 |
| 9. | ശ്രീ നാരായണഗുരുസ്വാമികൾ | ... | 0 | 6 | 0 |
| 10. | ശ്രീ ശങ്കരാചാര്യർ. | ... | 1 | 8 | 0 |
| | സെററു് ഒന്നിച്ചെടുക്കുന്നവർക്കു് | ... | 6 | 0 | 0 |

മാനേജർ,

അദ്വൈതാശ്രമം,

കാലടി.

13851

# ധർമ്മം.

[ആഗമാനന്ദസ്വാമികൾ സെപ്റ്റംബർ 23 -ാം നു- മൂന്നു മുതൽ നാലരവരെ മാവേലിക്കര തട്ടാരമ്പലം ക്ഷേത്രസന്നിധിയിൽ വച്ചുചെയ്ത പ്രസംഗത്തിന്റെ ചുരുക്കം]

സഹോദരരെ,

മാവേലിക്കരയിൽ ഞാൻ ഒരു പ്രസംഗം ചെയ്വാനല്ല വന്നതു്. ഇവിടെ പ്രസംഗിക്കേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. ഞാൻ നിങ്ങളുടെ കൂട്ടത്തിൽ ഒരാളാണു്. ഇവിടെവച്ചാണു് ഞാൻ ആദ്യമായി ഒരുപന്യാസം എഴുതി വായിച്ചതു്. ഇവിടെവച്ചാണു് ഞാൻ ആദ്യമായി വിദ്യാർത്ഥിസമാജത്തിൽ ഒരു പ്രസംഗം ചെയ്തതു്. അനേകായിരം ജനങ്ങൾ നിറഞ്ഞ സഭയിൽ ഒരു പബ്ലിക്ക് പ്ലാറ്റ്ഫാറത്തിൽവച്ചു് ആദ്യമായി ഞാൻ ഒരു പ്രസംഗം നടത്തിയതും ഇവിടെ വച്ചാണു്. ഇവിടെ ഞാൻ ഒരു പ്രാസംഗികനല്ല. നിങ്ങളെ കണ്ടു് ചില വിചാരങ്ങൾ അറിയിക്കാൻ വന്ന ഒരു സ്നേഹിതൻ മാത്രം.

മാവേലിക്കര പലതിലും മുൻകൈ എടുത്തു് [illegible] വർത്തിച്ചിട്ടുണ്ടു്. ഇനിയും പലതിലും മുൻകൈ എടുത്തു് പ്രവർത്തിക്കണമെന്നും ഞാൻ പറയുന്നു. ഇന്നു് [illegible] ഡിപ്പാർട്ടുമെന്റു് വകയായ നൂറിൽപരം മതപാഠശാലകൾക്കു മാവേലിക്കരയാണു് വഴിതെളിച്ചതു്. ഇവിടെവ

NATIONAL BOOK STALL
S.P.C.S. LTD.
BR. KOTTAYAM

ച്ച് ശ്രീ തട്ടാരമ്പലം രാമൻ പിള്ളയുടെ മേൽനോട്ടത്തിൽ നടന്നിരുന്ന രവിവാരപാഠശാലയാണ് ഞാൻ ആദ്യം കണ്ട മതപാഠശാല. ഞാനും എന്റെ ചില സ്നേഹിതന്മാരും വിദ്യാർത്ഥികൾ എന്ന നിലയിൽ അതു കണ്ടു; നല്ലതെന്നുറച്ചു. അവരിൽ ചിലർ ചെങ്ങന്നൂർക്കാരായിരുന്നു. അവരിൽ ചിലർ പ്രായമായപ്പോൾ ചെങ്ങന്നൂരിൽ ചില മതപാഠശാലകൾ തുടങ്ങി. അവർ അതിൽ സഹകരിയ്ക്കാൻ എന്നെ ക്ഷണിച്ചു. അവിടെവച്ച് ഞാൻ മതപാഠശാലകളുമായി കൂടുതൽ സമ്പർക്കത്തിലേർപ്പെട്ടു. മതപാഠശാലാപ്രസ്ഥാനത്തെ സഹായിക്കണമെന്നു പലഘട്ടത്തിൽ ദേവസ്വം ഭരണാധികാരികളെ സമീപിച്ച് അറിയിക്കാൻ അതു് എനിക്കു് പ്രേരണ നല്കി.

തിരുവിതാംകൂറിലെ ഹിന്ദുക്കളുടെ അഭിവൃദ്ധിക്കുതകുന്ന കാര്യങ്ങളടങ്ങിയ ഒരു പദ്ധതി തയാറാക്കാൻ ഒരിയ്ക്കൽ ക്ഷേത്രപ്രവേശാനന്തരം മഹാരാജാവ് എന്നോടാജ്ഞാപിച്ചു. അതിൽ ഒന്നാംസ്ഥാനം ഞാൻ മതപാഠശാലകൾക്കാണ് കൊടുത്തതു്. അതിന്റെ ഒരു പ്രതി മഹാരാജാവ് അഭിപ്രായപ്പെട്ടതനുസരിച്ച് ദിവാൻജിക്കയച്ചു. ദേവസ്വം ബോർഡു വന്നപ്പോൾ വീണ്ടും ഞാനതു് ആദ്യത്തെ ബോർഡിനയച്ചു. അവർ ആ പ്രസ്ഥാനം നടപ്പിലാക്കാൻ ഒരു മതപാഠശാലാ ഇൻസ്പെക്ടറെ നിയമിച്ചു. അപ്പോഴേക്ക് ആ ബോർഡ് മാറി. ആ പദ്ധതിയാണ് ഇന്ന് ഇപ്പോഴത്തെ ബോർഡ് നടപ്പിലാക്കി നൂറു മതപാഠശാലകളാക്കി വികസിപ്പിച്ചിട്ടുള്ളതു്. ഇതുപോലെ പല കാര്യങ്ങൾക്കും മാവേലിക്കര മുന്നോടിയായി നിന്നിട്ടുണ്ട്.

ദേവസ്വത്തിലെ മതപ്രസംഗങ്ങൾക്കും ബീജാവാപം ചെയ്തതു് മാവേലിക്കരെയാണു്. ഇന്നു ദേവസ്വം ബോർഡിന്റെ അദ്ധ്യക്ഷനായിരിക്കുന്നതു് മാവേലിക്കരക്കാരനായ ഒരാളാണു്. ബോർഡിലെ രണ്ടംഗങ്ങൾ മാവേലിക്കരെയോട്ട് ബന്ധപ്പെട്ടവരാണു്. മാവേലിക്കരക്കാർ ഈ അവസരം ശരിയായി ഉപയോഗപ്പെടുത്തണമെന്നു് ഞാൻ പറയുന്നു.

ഇന്നു ലോകത്തെ മുഴുവൻ ബാധിച്ചിരിക്കുന്നതു് ഹൃദയശുദ്ധിയില്ലായ്മയാണു്. രാഗദ്വേഷങ്ങളാണു് ഇന്നത്തെ ലോകത്തെ ഭരിക്കുന്നതു്; സ്വഭാവശുദ്ധിയില്ലായ്മയാണു്– **Want of character** – ഇന്നിൻഡ്യയെ കുഴപ്പത്തിലാക്കിയിരിക്കുന്നതെന്നു് ഞാൻ പറയാൻ തുടങ്ങിയിട്ടു് രണ്ടുമൂന്നു കൊല്ലമായി. ഇപ്പോൾ രാജേന്ദ്രപ്രസാദും പറയുന്നു സ്വഭാവശുദ്ധിയില്ലായ്മയാണു് നമ്മെ അപകടത്തിലാക്കിയിരിക്കുന്നതെന്നു്.

സ്വഭാവശുദ്ധി എങ്ങനെ ഉണ്ടാക്കാം? അതു് നിയമംകൊണ്ടുണ്ടാക്കാവുന്നതല്ല. **"No law can make man just"** എന്ന ഒരു വാക്യമുണ്ടു്. ഇതു് എത്രയും സത്യമാണു്. വിശേഷിച്ചും സത്യാഗ്രഹവും വോട്ടേപ്പാടും വന്നിരിക്കുന്ന ഈ ജനകീയ യുഗത്തിൽ. ഒരു രാജ്യത്തെ എന്നും നിലനിറുത്തണമെങ്കിൽ അതിനു മൂന്നു വിഷയങ്ങളിലുള്ള ഐക്യം വേണം. ഒന്നു് ഭരണക്രമൈക്യം മറെറാന്നു് മതപരമായ ഐക്യം; മൂന്നാമതു ഭാഷാപരമായ ഐക്യം. ഇതിൽ ഇൻഡ്യയെ ഇത്ര കാലവും നശിക്കാതെ നിലനിത്തിയതു് ഭരണക്രമൈക്യമല്ലെങ്കി

ം ഭാഷാപരമായ ഐക്യവും മതപരമായ ഐക്യവുമാണ്. മതപരമായ ഐക്യം അപ്രായോഗികമെന്നു തോന്നിയ ഭരണാധികാരികൾ- അതു സാദ്ധ്യമോ അസാദ്ധ്യമോ എന്നല്ല ചോദ്യം; അവൎക്കങ്ങനെ തോന്നി - ഭരണക്കൂടൈക്യവും ഭാഷാപരമായ ഐക്യവും സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. അവരുടെ ദൃഷ്ട്യാ മുമ്പുണ്ടായിരുന്ന സംസ്കൃത ഭാഷാപ്രേമവും അഭിനിവേശവും പുനഃസ്ഥാപിക്കാൻ പ്രയാസമെന്നു തോന്നിയിട്ട് ഹിന്ദി രാജ്യമൊട്ടുക്കു പ്രചരിപ്പിക്കാൻ അവർ ശ്രമിക്കുന്നു. ഹിന്ദി സംസ്കൃതത്തോട്ട് ബന്ധപ്പെട്ടതാണെന്നും സംസ്കൃതം ആൎയ്യന്മാരുടെ ഭാഷയാണെന്നും പറഞ്ഞു് അതിനെതിരായും സത്യാഗ്രഹം നടത്തുവാൻ ആളുകൾ ഒരുങ്ങിയിരിക്കുന്നു.; പഠിച്ച പ്രമാണികൾ! അതുപോലെ മദ്യവൎജ്ജനകാൎയ്യവും. ആരും കള്ളുകുടിച്ചു് നശിക്കാതിരിക്കട്ടെയെന്നു കരുതി ഗവണ്മെന്റ് വലിയ നഷ്ടം സഹിച്ചുകൊണ്ട് ചില സ്ഥലങ്ങളിൽ മദ്യവൎജ്ജനം നടപ്പാക്കിയിരിക്കുന്നു. അതിനെതിരായിപ്പോലും സത്യാഗ്രഹം നടത്താൻ ചിലർ ആലോചിക്കുന്നു! ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ നിയമം കൊണ്ട് മനുഷ്യനെ നേരെയാക്കാൻ സാധിക്കുമോ? വിശേഷിച്ചും ജയിലുകളെല്ലാം നന്ദനോദ്യാനമാക്കാൻ ശ്രമിക്കുമ്പോൾ! 1935-ൽ ഞാൻ ഒരു പ്രസംഗപരമ്പര നടത്തി സഞ്ചരിക്കുമ്പോൾ തൃശ്ശൂരിനടുത്ത വിയ്യൂർ സെൻട്രൽ ജയിലിൽ ഒരു പ്രസംഗം ചെയ്യാൻ അന്നത്തെ ജയിൽ സൂപ്രണ്ടായിരുന്ന മി. ഗണപതിയയ്യർ എന്നെ ക്ഷണിച്ചു. പ്രസംഗാനന്തരം അവിടെ കൂടിയിരുന്ന പലരെയും അദ്ദേഹം എനിക്കു പരിചയപ്പെടുത്തി. ആ കൂട്ടത്തിൽ ഒരു

പുള്ളിയുടെ ചരിത്രം അദ്ദേഹം എന്നെ പറഞ്ഞു കേൾപ്പിച്ചു. അയാൾ ജയിലിൽ പതിവായി വിറക കൊടുത്തു വന്നിരുന്ന ഒരു വണ്ടിക്കാരനായിരുന്നു. അയാൾ ഒരു സ്ത്രീയുടെ ആഭരണം മോഷ്ടിച്ചതിനാണത്രെ അറസ്റ്റ് ചെയ്യപ്പെട്ടതു്. അറസ്റ്റ് ചെയ്തു കൊണ്ടുവരപ്പെട്ടപ്പോൾ സൂപ്രണ്ടു് അയാളോടു ചോദിച്ചു: "നീ ഇവിടത്തെ ജയിൽ പുള്ളികളോട്ടു് പെരുമാറുന്നതും മററും കണ്ടിട്ടും എന്താണു് മോഷ്ടിക്കാൻ പോയതു്?" എന്നു്. അയാൾ അതിനു് പറഞ്ഞ മറുപടി, "ഞാൻ വിറക വെട്ടിയുംവണ്ടിയടിച്ചും വളരെ ബുദ്ധിമുട്ടി കഴിയുന്നവനാണു്. ഇവിടത്തെ പുള്ളികൾക്കു് കൃത്യസമയത്തു് നല്ല ആഹാരവും സുഖമായി കിടക്കാൻ ഓടിട്ട വീട്ടിലെ മുറികളും മററും കൊടുത്തിരിക്കുന്നതു കണ്ടപ്പോൾ എനിക്കും ഇവിടെ കുറച്ചു ദിവസംതാമസിക്കാൻ ആഗ്രഹം തോന്നി. അതുകൊണ്ടാണു് ഞാൻ മോഷ്ടിച്ചതു്" എന്നായിരുന്നു. അയാൾ വലിയ മോഷണമൊന്നും നടത്തിയില്ല. അതിനുള്ള അറിവയാൾക്കുണ്ടായിരുന്നില്ല. ഒരു സ്ത്രീ ആഭരണമഴിച്ചു കുളക്കടവിൽ വച്ചിട്ടു് കുളിച്ചു. അയാൾ നേരെ ചെന്നു് അതു് എടുത്തുകൊണ്ടു പോന്നു. അവർ കണ്ടു് താഴെ വയ്ക്കാൻ പറഞ്ഞു. അയാൾ കൂട്ടാക്കിയില്ല. അവർ കേസുകൊടുത്തു. പോലീസുകാർ ചെന്നപ്പോൾ, യാതൊരു മററവും കൂടാതെ അയാൾ നേരെ അറസ്റ്റ് വരിച്ചു. കോടതിയിലും അയാൾ മോഷണം സമ്മതിച്ചു മൊഴി കൊടുത്തു. തിരുവനന്തപുരത്തുവച്ചു് ഒരു വീട്ടിൽ അരിവയ്പുകാരനായി നില്ക്കുന്ന ഒരു കുട്ടിയെ ഞാൻ ഒരിക്കൽ കണ്ടു. അയാൾക്കു് എന്തെങ്കിലും പഠിച്ചാൽ

മെന്നും അതിന് യാതൊരു വഴിയുമില്ലാത്തതുകൊണ്ടു
വല്ലവരുടേയോ എന്തെങ്കിലും മോഷ്ടിച്ച് പ്രതിയായി ദർ
ഗ്ഗുണ പരിപാഠശാലയിൽ കയറാൻ ആഗ്രഹിക്കുന്നുവെ
ന്നും എന്നോടു പറയുകയുണ്ടായി. ജയിലുകൾ നന്ദനോ
ദ്യാനങ്ങളാക്കിയാലുണ്ടാകുന്ന ഫലം അതാണ്. ഞങ്ങ
ളെപ്പോലെയുള്ളവർപോലും അവിടെ താമസിക്കാൻ ആ
ഗ്രഹിക്കാനിടവരും. പിന്നെ നിയമം ലംഘിക്കുന്നതു് അഭി
മാനകരവുമാക്കിയിരിക്കുന്നു. ദാരിദ്ര്യം വർദ്ധിക്കുന്തോറും പ്ര
ത്യേകിച്ചും. ജയിലിൽ പോയാൽ പിന്നെ വേറൊരു വി
ശേഷമുണ്ടു്. ഏതെങ്കിലും ചെറിയ, വലിയ കൃത്രിമമൊന്നും
വേണ്ടാത്ത, കേസിൽ പ്രതിയായി അകത്തു കടന്നാൽ പി
ന്നെ മററുള്ള വിദഗ്ദ്ധന്മാരായ കള്ളന്മാരിൽ നിന്നും കൃ
ത്രിമികളിൽ നിന്നും പല വിദ്യകളും പഠിക്കയായി. ജ
യിലിൽ നിന്നും പുറത്തിറങ്ങുമ്പോൾ ഒരു ചെറുകള്ളൻ
ഒരുവൻ കള്ളനാകാനിടയുണ്ടു്. ഇതുകൊണ്ടു് ജയിലിൽ
പെടാൻ നിർഭാഗ്യം പ്രേരിപ്പിച്ചിട്ടുള്ള ആളുകളോടു് മൃഗ
ങ്ങളോടെന്നപോലെ പെരുമാറണമെന്നെനിയ്ക്കഭിപ്രായ
മില്ല. ജയിലുകൾകൊണ്ടു് മനുഷ്യരെ നന്നാക്കാമെന്ന
വിചാരം തെററാണെന്നുമാത്രം ഞാൻ പറയുന്നു.
വിശേഷിച്ചും, ചില പ്രത്യേക ആശയങ്ങൾ ജനങ്ങ
ളുടെയിടയിൽ പ്രചരിപ്പിക്കണമെന്നാഗ്രഹമുള്ളവർ ജയി
ലിൽ പോകാൻ തയാറുള്ളപ്പോൾ, അവർ ആ ആ
ശയങ്ങൾ ജയിൽപുള്ളികളുടെ ഇടയിൽ പ്രചരിപ്പി
ക്കാൻ അതൊരവസരമാണെന്നു കരുതി ജയിൽവാസം വ
സ്സൂയം ചെയ്യും. ചിലപ്പോൾ പോലീസുകാരേയും അവർ
വശത്താക്കുന്നു. അതുകൊണ്ടു് മനുഷ്യനെ നന്നാക്കണ
മെങ്കിൽ നിയമങ്ങൾക്കപ്പുറത്തു് എന്തെങ്കിലും കൊണ്ടേ

സാധിക്കും. അങ്ങനെയുള്ള ഒന്നാണ് ധർമ്മോപാദം.

"ധാരണാൽ ധർമ്മ ഇത്യാഹു-
ർദ്ധർമ്മോ ധാരയതി പ്രജാഃ
പ്രഭവാർത്ഥായ ഭൂതാനാം
ധർമ്മപ്രവചനം സ്മൃതം
യഃ സ്യാൽ പ്രഭവസംയുക്തഃ
സധർമ്മ ഇതി നിശ്ചയഃ"

'ഒന്നിനെ അതാക്കി നിറുത്തുന്നതു് ധർമ്മം' എന്നൊരു നിർവ്വചനം ധർമ്മത്തിനുണ്ട്. എന്തിനെയെങ്കിലും നിലനിറുത്തുന്നതു് ധർമ്മം എന്നതു ശരിയായ ധർമ്മലക്ഷണമാകുന്നു. ഈ ലോകത്തെ ഐശ്വര്യത്തിൽ നിലനിർത്തുന്നതു ധർമ്മം. ധർമ്മം വെറും പരലോകവിഷയമല്ല. ജനങ്ങളുടെ ഐശ്വര്യത്തിനുവേണ്ടിയാണ് ഋഷിമാർ ധർമ്മങ്ങൾ കണ്ടുപിടിച്ചതു്. ഏതൊന്നു നശിച്ചാൽ ഏതെങ്കിലും ഒരു വസ്തു അതല്ലാതായി തീരുമോ അതു് ധർമ്മം എന്നും ലക്ഷണം നല്കാം. ഉദാഹരണത്തിന് അഗ്നി. അതിൻെറ ധർമ്മം ദഹനം, പചനം എന്നിവയാണ്. എപ്പോൾ അഗ്നി ആ ധർമ്മം ത്യജിക്കുന്നുവോ അപ്പോൾ അതു് അഗ്നിയല്ലാതായിത്തീരുന്നു. പിന്നെ അതിനെ ആരും മാനിക്കയില്ല. "നിങ്ങൾ ഭൂമിയിലെ ഉപ്പാകുന്നു ഉപ്പു് അതിൻെറ ലവണത്വം ഉപേക്ഷിച്ചാൽ പിന്നെ അതെന്തിനുകൊള്ളാം? അതു മനുഷ്യൻെറ കാലിന്നടിയിലിട്ട് ചവിട്ടാനെ കൊള്ളുകയുള്ളൂ" എന്ന അർത്ഥത്തിൽ ക്രിസ്തു ശിഷ്യന്മാരോടു് പറഞ്ഞതായി ബൈബിളിൽ ഒരു വാക്യമുണ്ട്. ഇതു വളരെ അർത്ഥവത്താണ്.

"സ്വധർമ്മേ നിധനം ശ്രേയഃ

പരധർമ്മോ ഭയാവഹഃ
ശ്രേയാൻ സ്വധർമ്മോ വിഗുണഃ
പരധർമ്മാൽ സ്വനുഷ്ഠിതാൻ"

എന്നു ഗീത പറയുന്നതിന്റെ അർത്ഥം ആരും സ്വധർമ്മം ത്യജിക്കരുതെന്നാണ്.

ധർമ്മം ക്ഷയിച്ച് അധർമ്മം അഭിവൃദ്ധിയെ പ്രാപിക്കുന്ന കാലത്തു് ഭഗവാൻ അവതരിക്കുന്നുവെന്ന് ഗീത പറയുന്നു. അതായതു് ജനങ്ങൾ സ്വധർമ്മം മറന്ന് പരധർമ്മം സ്വീകരിക്കുകയോ ധർമ്മമല്ലാത്തതു് അനുഷ്ഠിക്കുകയോ ചെയ്യുന്ന അവസരത്തിൽ ഭഗവാൻ അവതരിക്കുമെന്നാണർത്ഥം. അവതാരോദ്ദേശ്യം അതാണ് - ജനങ്ങളെ സ്വധർമ്മ നിഷ്ഠയുള്ളവരാക്കിത്തീർക്കുക. ഇന്നു ലോകത്തിൽ വച്ച് ഏററവും ധർമ്മനിഷ്ഠ വെടിഞ്ഞിരിക്കുന്നവർ ഹിന്ദുക്കളാണ് - അതിലും കേരളത്തിലെ ഹിന്ദുക്കൾ - അതിലും തിരുവിതാംകൂറിലെ ഹിന്ദുക്കൾ. ശ്രീ വിവേകാനന്ദ സ്വാമികൾ തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ അന്നത്തെ മഹാരാജാവ് അദ്ദേഹത്തോട് "തിരുവിതാംകൂറിനെപ്പററിയുള്ള അഭിപ്രായമെന്തു്?" എന്നു ചോദിച്ചതിന് "ഭാരതഭൂമിയിൽ തെക്കോട്ടു തെക്കോട്ടു വരുന്തോറും ധർമ്മാസക്തി ജനങ്ങൾക്കു കുറഞ്ഞു കുറഞ്ഞു വരുന്നതായി കാണുന്നു." എന്നു മറുപടി പറഞ്ഞതായി കേട്ടിട്ടുണ്ട്. അതിന്റെ അർത്ഥം തെക്കേ അററമായ തിരുവിതാംകൂറിൽ ധർമ്മം മിക്കവാറും നശിച്ചിരിക്കുന്നുവെന്നാണെന്നു ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇതു് അക്ഷരംപ്രതി സത്യമാണെന്നാണ് എന്റെ അനുഭവം.

"ധർമ്മഃ പ്രവ്രജിതസ്തപഃ പ്രചലിതം സത്യം
ച ദൂരേ ഗതം"

എന്നു മുമ്പൊരു കവി കലിയെ വർണ്ണിച്ചതുമുഴുവൻ ഇവിടെ കാണുന്നു. ഇവിടുത്തെ ഹിന്ദുക്കൾ ക്ഷേത്രങ്ങളിൽ വെടിക്കെട്ടിനും ആനയ്ക്കും നാഗസ്വരത്തിനും കഥകളിയ്ക്കും ധാരാളം പണം ചിലവാക്കുന്നുണ്ടെന്നുള്ളതു സത്യംതന്നെ. എന്നാൽ ചുരുക്കം ചിലരൊഴിച്ചാൽ ബാക്കിപേർ അമ്പലത്തിൽ പോകുന്നതെന്തിനാണ്? വിനോദിക്കാൻ. തൊഴാൻപോകുന്നവർ തന്നെ അച്ചടക്കം പാലിക്കുന്നുണ്ടോ? ദീപാരാധന സമയത്തും സ്വാർത്ഥത. അവിടെ ഒരുന്തും തള്ളും വർത്തമാനവും ബഹളവും. അതാണോമതം? വെടിക്കെട്ടും നാഗസ്വരക്കച്ചേരിയും നടത്തുന്നതു ഭഗവാനെ പ്രസാദിപ്പിക്കാനോ അടുത്ത ക്ഷേത്രങ്ങളിലേക്കാൾ ഉത്സവം കേമമായെന്നു പേരുകേൾക്കാനോ? പലരും ഭാര്യമാരേയും കുട്ടികളേയും സന്തോഷിപ്പിക്കാൻ കൂടിയും ഇതു ചെയ്യുന്നുണ്ടു്. ഭഗവാൻ അവതരിക്കുന്നതു് നമ്മുടെ വെടിക്കെട്ടുകാണാനും നാദസ്വരവായന കേൾക്കാനുമല്ല. ഇതൊന്നുംകൊണ്ടു് സന്തോഷിക്കുന്നയാളല്ല ഭഗവാൻ.

"ശ്രീമൽ ഷഡ്ഗുണസംഭൃതം വപുരധിഷ്ഠായാനു-
ഗൃഹ്ണാതി യഃ
ശ്രദ്ധാഭക്തിപവിത്രിതോപഹരണൈഃ സ്വാരം-
ഭഭൃതാത്മകൈഃ"

എന്നാണ് പൂജാവിധിയിൽ പറയുന്നതു്. ശ്രദ്ധാഭക്തികളാണ് ഭഗവാൻ നമ്മോടാവശ്യപ്പെടുന്നതു്. രാവണാദികളും പൂജചെയ്തിരുന്നു; തപസ്സ് ചെയ്തിരുന്നു; വ്രതം അനുഷ്ഠിച്ചിരുന്നു എന്നിട്ടും ഭഗവാൻ അവരെ നിഗ്രഹിക്കയാണു ചെയ്തതു്. "പന്തീരാണ്ടെന്റെ

വാൽമേൽ കിടന്നോരു പങ്ക്തികണ്ഠൻ വിരോധം പറഞ്ഞെങ്കിൽ ലങ്കയോടെ പറിച്ചിങ്ങു കൊണ്ടുപോരുമായിരുന്നു." എന്നാണു് ബാലി മരണസമയത്തു് പറഞ്ഞതു്. രാവണനെ പന്ത്രണ്ടുകൊല്ലം വാലേൽ ഇട്ടിരുന്ന ബാലിയുമായി സഖ്യം ചെയ്യുകയായിരുന്നു രാമനെളുപ്പം സീതയെ കിട്ടാൻ. ബാലി രാമന്റെ ആഗ്രഹം സാധിച്ചുകൊടുക്കാൻ തയാറുമായിരുന്നു. പൌരാണികമായി പറഞ്ഞാൽ ബാലി ജനിച്ചതും രാമനെ സഹായിക്കാനാണു്. എന്നിട്ടും ആ ബാലിയെ നിഗ്രഹിക്കയാണു് ചെയ്തതു്. എന്തുകൊണ്ടു്? ബാലി അധർമ്മിയായതുകൊണ്ടു്. രാവണപക്ഷക്കാരേയും ബാലിപക്ഷക്കാരേയും ഓർക്കാതെയല്ല ഞാൻ ഇതു പറയുന്നതു്. വാല്മീകിപക്ഷക്കാരനായി നിന്നുകൊണ്ടാണു് ഞാൻ സംസാരിക്കുന്നതു്. ഏതൊരു സീതയെ ഉദ്ദേശിച്ചാണോ രാമൻ ഊണും ഉറക്കവും ഉപേക്ഷിച്ചു കരഞ്ഞതു് ആ സീതയേയും രാമൻ ധർമ്മരക്ഷക്കായി ത്യജിച്ചു. കൃഷ്ണാവതാരത്തിൽ ധർമ്മരക്ഷക്കായി ഭഗവാൻ സ്വപുത്രന്മാരേയും വധിപ്പിച്ചു. ഭഗവാനു് ഒന്നേ വേണ്ടു. ധർമ്മരക്ഷ. ധാർമ്മികജീവിതമാണു് ഭഗവാൻ നമ്മിൽനിന്നാവശ്യപ്പെടുന്നതു്.

"ധർമ്മോ രക്ഷതി രക്ഷിതഃ"

ഇൻഡ്യാരാജ്യം നശിക്കാതിരിക്കണമെങ്കിൽ ഹിന്ദുക്കൾ സ്വധർമ്മനിഷ്ഠ പാലിച്ചുകൊള്ളണം.

യതോ ധർമ്മസ്തതഃ കൃഷ്ണഃ
യതഃ കൃഷ്ണസ്തതോ ജയഃ

ധർമ്മമുള്ളിടത്തേ ഈശ്വരനുള്ളു. ഈശ്വരൻ

ള്ളിടത്തെ ജയമുള്ളു. ഈശ്വരനുള്ളിടത്തേ ലക്ഷ്മി നില നില്ക്കു.

"ലക്ഷ്മീസ്തവകരാമണീയകഹൃതൈ-
വേയം പരേഷ്വസ്ഥിരേ-
ത്യസ്തിന്യദപി പ്രമാണമധുനാ
വക്ഷ്യാമി ലക്ഷ്മീപതേ!
യേ ത്വദ്ധ്യാനഗുണാനുകീർത്തനരസാ-
സക്താ ഹി ഭക്താ ജനാ-
സ്തേഷ്വേഷാ വസതി സ്ഥിരൈവ ദയിത-
പ്രസ്താവദത്താദരാ"

എന്നു മേല്പത്തൂർ ഭട്ടതിരിപ്പാട്ട് പറയുന്നതു് ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. സത്യസ്വരൂപനും ധർമ്മസ്വരൂപനുമാണീശ്വരൻ. ശൈവാഗമങ്ങളിൽ ശിവൻെറ വാഹനമായ കാള എന്നുപറയുന്നതു് ധർമ്മമാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. ഭാഗവതത്തിലും ധർമ്മത്തെ കാളയായി ചിത്രീകരിച്ചിട്ടുണ്ട്. ഭഗവൽഭക്തനാരെന്നു ചോദിച്ചാൽ ധർമ്മനിഷ്ഠനെന്നാണെൻെറ ഉത്തരം. ധർമ്മനിഷ്ഠയില്ലാത്തവൻ ഒരിക്കലും ഭക്തനാകയില്ല. പരദ്രവ്യം അപഹരിക്കയും പരദാരങ്ങളെ പരിഗ്രഹിക്കയും കരിഞ്ചന്തക്കച്ചവടം നടത്തുകയും അന്യായമായി പലിശ വാങ്ങുകയും സാധനങ്ങളിൽ കലപ്പുകൂട്ടിവിററു പണമുണ്ടാക്കുകയും ചെയ്തു് വലിയ മാളികകൾ പണിയിച്ചു് അതിൽ ഭാര്യമാരെ അണിയിച്ചിരുത്തി രസിപ്പിച്ചുകൊണ്ടു് അന്യായമായുണ്ടാക്കിയ പണത്തിൻെറ ഒരു തുച്ഛമായ അംശം ചിലവാക്കി വെടിക്കെട്ടും ചിറപ്പും നടത്തിയാൽ ഭഗവാൻ പ്രസാദിക്കുമെന്ന് നിങ്ങൾ വി

ചാരിക്കുന്നുണ്ടോ? ഭഗവാൻ പറയുന്നതനുസരിക്കാതെ വെറും സ്തുതി പറയുന്നവൻ ഭക്തനാണെന്നു വിചാരിക്കാൻതക്ക മറയനാണോ ഭഗവാൻ? ഒന്നും ഒരു നല്ലകാര്യത്തിന്ന് ചിലവാക്കാത്തവനേക്കാൾ ചിറപ്പിനെങ്കിലും ചിലവാക്കുന്നവൻ അത്രയും യോഗ്യനാണെന്ന് ഞാൻ സമ്മതിക്കാം. എന്നാൽ ഈ ചെറിയ ചിലവുചെയ്തുകൊണ്ട് എന്തും ചെയ്യുന്നതിന്നു തനിക്കു ലൈസൻസുണ്ടെന്നും ഭഗവാൻ തന്റെ പോക്കറ്റിലാണെന്നും വിചാരിക്കുന്ന മറയൻ ഭഗവൽഭക്തനല്ലെന്നാണ് ഞാൻ പറഞ്ഞത്.

"മതമെന്നുപറയുന്നത് ആത്മാനുഭൂതിയാണ്. അതിന്റെ മാനദണ്ഡം ചാരിത്ര്യശുദ്ധിയാണ്" എന്ന് സ്വാമി വിവേകാനന്ദൻ പറയുന്നത് പ്രത്യേകം ഓർക്കണം.

ഭക്തന്റെ നിയമങ്ങളിൽ,

"അഹിംസാസത്യശൌചദയാസ്തിക്യാദിനി ചാരിത്ര്യാ-
ണി പരിപാലനീയാനി"

എന്നും

"സ്ത്രീധനനാസ്തികവൈരിചരിത്രം ന ശ്രവണീയം"

എന്നും

"അഭിമാനദംഭാദികം ത്യാജ്യം"

എന്നും ഉള്ള വാക്യങ്ങൾ സ്മരണീയങ്ങളാണ്.

ധർമ്മമാകുന്ന കാളയുടെ നാലു കാലുകൾ, തപസ്സ്, ശൌചം, ദയ, സത്യം, എന്നിവയാണെന്ന് ഭാഗവതത്തിൽ ഒരിടത്തും സത്യം, തപസ്സ്, ദയ, ദാനം എന്നിവയാണെന്ന് ഭാഗവതത്തിൽ തന്നെ മറ്റൊരിടത്തും

പറഞ്ഞിട്ടുണ്ട്.

"തപഃ ശൌചം ദയാ സത്യ-
മിതി പാദാഃ പ്രകീർത്തിതാഃ"
(ഭാഗവതം I. അ. 17)
സത്യം ദയാ തപോ ദാന-
മിതി പാദാ വിഭോർന്നൃപ
(ഭാഗവതം XII. 2. 18)

ഇവ നാലും അഥവാ മുൻപറഞ്ഞ രണ്ടു ശ്ലോകങ്ങളിലായി പറയപ്പെട്ട അഞ്ചും ഇന്നു ജനങ്ങൾ വെടിഞ്ഞിരിക്കുന്നു. മററുള്ളവരെ കാണിക്കാനോ ജയിക്കാനോ വേണ്ടി നടത്തപ്പെടുന്ന പൂജാദികളൊന്നും ഭക്തിയല്ല.

"സാ ന കാമയമാനാ നിരോധരൂപത്വാൽ" എന്നു ഭക്തിസൂത്രം പറയുന്നു.

സൽകാരമാനപൂജാർത്ഥം
തപോ ദംഭേന ചൈവ യൽ
ക്രിയതെ തദിഹ പ്രോക്തം
രാജസം ചലമധ്രുവം.
യത്തു പ്രത്യുപകാരാർത്ഥം
ഫലമുദ്ദിശ്യ വാ പുനഃ
ദീയതേ ച പരിക്ലിഷ്ടം
തദ്ദാനം രാജസം സ്മൃതം

"നല്ലവനാണെന്നു ജനങ്ങളെക്കൊണ്ടു പറയിക്കാനോ ബഹുമാനത്തിനോ പൂജക്കോ വേണ്ടി ഡംഭോടുകൂടി ചെയ്യുന്ന തപസ്സ് രാജസവും ഫലം കിട്ടുമെന്നുറപ്പില്ലാ

അതും ഫലമുണ്ടായാൽ തന്നെ താൽക്കാലത്തേക്കു മാത്രമുള്ളതുമാകുന്നു. പ്രത്യുപകാരത്തിനുവേണ്ടിയോ ഫലം ഉദ്ദേശിച്ചോ ഖേദത്തോടുകൂടി ചെയ്യുന്ന ദാനം രാജസമാകുന്നു." എന്നാണ് ഭഗവാൻ ഗീതയിൽ പറയുന്നതു്. അതുകൊണ്ടു് ഈശ്വരഭക്തിയുള്ളവൻ ഒന്നാമതായി വേണ്ടതു് ചാരിത്രബലം സമ്പാദിക്കയാണ്. ധർമ്മത്തിന്റെ നാലുപാദങ്ങളുമുള്ളവൻ ചാരിത്രബലമുള്ളവനാണെന്നു് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ ധർമ്മം പുനഃസ്ഥാപിക്കപ്പെടണം. ധർമ്മം ഈശ്വരവിശ്വാസമില്ലാതെയും അനുഷ്ഠിക്കപ്പെടാം. ബുദ്ധമതം ഈശ്വരനെപ്പററി പറയാതെ ധർമ്മത്തിനു പ്രാധാന്യം കൊടുക്കുന്ന ഒരു മതമാണ്. എന്നാൽ ഈശ്വരവിശ്വാസമില്ലാത്ത ധർമ്മാനുഷ്ഠാനതൽപരത അധികംനാൾ നില്ക്കുകയില്ല. ബുദ്ധമതചരിത്രം അതിനു സാക്ഷ്യം വഹിക്കുന്നു. ഭൂരിപക്ഷത്തിന് ധർമ്മതൽപരതയുണ്ടാകാൻ ഈശ്വരവിശ്വാസം പുനഃസ്ഥാപിക്കേണ്ടിയിരിക്കുന്നു. അതു കുട്ടിക്കാലത്തുതന്നെ ചെയ്യുകയും വേണം.

"കൌമാര ആചരേൽ പ്രാജ്ഞോ
ധർമ്മാൻ ഭാഗവതാനിഹ"

എന്നു ഭാഗവതം പറയുന്നു. അതുകൊണ്ടാണ് മതപാഠശാലകൾ വേണമെന്നു് ഞങ്ങൾ വളരെമുമ്പുതന്നെ ആഗ്രഹിച്ചതു്. അന്നു് അതിന് ഒരിടത്തുനിന്നും യാതൊരു സഹായവും ഉണ്ടായിരുന്നില്ല. ഇന്നു ദേവസ്വം ഡിപ്പാർട്ടുമെന്റുതന്നെ അതുനടത്തുന്നു. എന്നിട്ടും അതിൽ കുട്ടികളെ അയയ്ക്കാൻ രക്ഷകർത്താക്കൾ കൂട്ടാക്കുന്നില്ല. ഇതു ഹിന്ദുക്കൾക്കു് ഏററവും ലജ്ജാകരമായ സംഗതിയാണ്.

ഭാരതത്തെ രക്ഷിക്കാൻ മതത്തിനേ കഴിയൂ. എന്നിരിക്കെ ഭാരതീയമതത്തിൻെറ അനുഗാമികൾ അവരുടെ മതത്തിൻെറ പ്രചരണത്തിൽ ശ്രദ്ധിക്കാത്താത്തു് രാജ്യദ്രോഹമാകുന്നു. സനാതനങ്ങളായ ധർമ്മതത്വങ്ങളെ നിക്ഷേപിച്ചിരിക്കുന്നതു് വേദങ്ങളിലാണു്. വേദങ്ങളുടെ സന്ദേശത്തിൻെറ പ്രതിദ്ധ്വനി പാലസ്റ്റയിനിലും അറേബ്യയിലും ചൈനയിലും പേർഷ്യയിലും വ്യാപിച്ചതിൻെറ ഫലമായിട്ടാണു് ക്രിസ്തുമതവും ഇസ്ലാംമതവും കൺഫ്യൂഷ്യൻ മതവും ജരദുഷ്ടമതവും ഉണ്ടായതു്. എല്ലാററിൻേറയും ചുവടു് വേദങ്ങളാണു്. വേദങ്ങളിൽ പറയപ്പെടാത്ത യാതൊരു തത്വവും തന്നെ ഈ മതങ്ങളിലില്ല. അതുകൊണ്ടാണു് സ്വാമി വിവേകാനന്ദൻ, ഇന്നു ഹിന്ദുമതമെന്നു വിളിച്ചുവരുന്ന സനാതന ധർമ്മത്തിൻെറ പ്രതിനിധിയായി നിന്നുകൊണ്ടു് "ഞാൻ മതങ്ങളുടെ മാതാവിൻെറ പേരിൽ നിങ്ങൾക്കു് കൃതജ്ഞത പറയുന്നു" എന്നുപറഞ്ഞതു്. പല മതങ്ങളുടെ ഉപദേശങ്ങൾ പരസ്പര വിരുദ്ധങ്ങളായി തോന്നുമ്പോൾ അവ എങ്ങനെ തമ്മിൽ കൂട്ടിയിണക്കാമെന്നു് പഠിപ്പിക്കാൻ വൈദികമതത്തിനു മാത്രമെ കഴിയുകയുള്ളു. ലോകത്തു മതകലഹമില്ലാതാക്കുന്ന ഒരു മതം ഉണ്ടാക്കണമെങ്കിൽ അതു ഹിന്ദുമതപ്രചരണംകൊണ്ടുമാത്രമേ സാധിക്കൂ. അതുകൊണ്ടു് ഹിന്ദുക്കൾ ധർമ്മകാര്യങ്ങളിലുള്ള ആലസ്യം വെടിയണം. എല്ലാ കുട്ടികളേയും മതപാഠശാലകളിൽ അയക്കണം. ദേവസ്വം ബോർഡു് പ്രസിഡൻറിനോടു് ഓരോ കരയിലും ഓരോ മതപാഠശാല സ്ഥാപിച്ചുതരാൻ നിർബന്ധിക്കണം.

ധർമ്മപ്രചരണംകൊണ്ട് പരിഹരിക്കപ്പെടാൻ കഴിയാത്ത ഒരു പ്രശ്നവും ഇന്ന ലോകത്തില്ല. തപസ്സു ന്നാൽ പ്രധാനം ബ്രഹ്മചര്യമാണ്. "ബ്രഹ്മചര്യം പരം പ്രാഹു: തപസാം തപ ഉത്തമം"

ബ്രഹ്മചര്യമാണ് ഇന്നത്തെ ഭക്ഷണപ്രശ്നത്തിന പരിഹാരം. ബ്രഹ്മചര്യംകൊണ്ട് ജനസംഖ്യപ്പെരുപ്പം കുറയുന്നു. ശൈശവ വിവാഹം തീരെ നിഷിദ്ധമാണ്. മുപ്പത്തിയാറു വയസ്സുവരെ സമ്പൂർണ്ണബ്രഹ്മചര്യം രക്ഷിക്കണമെന്നാണ് ശാസ്ത്രനിയമം. ഒന്നോ രണ്ടോ കുട്ടികളുണ്ടായാൽ പിന്നെയും ബ്രഹ്മചര്യം. പുത്രൻ പ്രായമായാൽപിന്നെ വാനപ്രസ്ഥം. ഒടുവിൽ സന്ന്യാസം. സന്ന്യാസിയായിട്ടു് ശരീരം ത്യജിക്കണമെന്നാണ് ശാസ്ത്രവിധി. "യോഗേനാന്തെ തനുത്യജാം" എന്ന കാളിദാസൻ തന്നെയും പറയുന്നതു നോക്കുക.

"യം സന്ന്യാസമിതി പ്രാഹു-
ര്യോഗം തം വിദ്ധി പാണ്ഡവ!"

എന്നു ഗീത. ബ്രഹ്മചര്യംകൊണ്ട് വീര്യം ഉണ്ടാകുന്നു.

"ബ്രഹ്മചര്യപ്രതിഷ്ഠായാം വീര്യലാഭഃ"

എന്നു യോഗസൂത്രം. വീര്യമുള്ളവനു മററുള്ളവരുടെ നാലിരട്ടി വേല ചെയ്യാൻ കഴിയും. അങ്ങനെ സാധനങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കും. ഉൽപാദനക്കുറവും ജനസംഖ്യപ്പെരുപ്പവുമല്ലേ ഇന്നത്തെ ഭക്ഷ്യക്ഷാമത്തിനും കുറെപ്പേക്ക് ഉണ്ണാനില്ലായ്മക്കും കാരണം?

"കാകദൃഷ്ടിർബകധ്യാനം
ശ്വാനനിദ്രാ തഥൈവച
അല്പാഹാരം ജീർണ്ണവസ്ത്ര-
മേതദ്വിദ്യാർത്ഥിലക്ഷണം"

എന്നാണ് പഴയ നിയമം. ഇന്ന വിദ്യാർത്ഥികൾ എത്രനേരത്തെ ആഹാരമാണ് കഴിക്കുന്നത്? അതിനും പുറമെ പുകവലിയും. ഒരു വിദ്യാർത്ഥിക്ക് പുകവലിക്ക് പ്രതിമാസം ശരാശരി ആറും ഏഴും രൂപ വേണം. "വിശപ്പിൻെറ വിളി" എന്നു കേൾക്കുമ്പോൾ "പുകവലിയുടെ വിളി"യെപ്പററിയാണ് എനിക്കോർമ്മ വരുന്നത്. ഉണ്ടില്ലെങ്കിലും പുകവലിക്കാതിരിക്കാൻ വയ്യാത്ത വിദ്യാർത്ഥികളുണ്ട്; വൃദ്ധന്മാരുമുണ്ട്. അതു പോലെ വിദ്യാർത്ഥികളുടെ വസ്ത്രാഡംബരഭ്രമവും.

ഗൃഹസ്ഥന്മാർ രണ്ടുനേരമേ ആഹാരം കഴിക്കാവു എന്നാണ് ശാസ്ത്രം. കൂലിവേലക്കാർ മാത്രം മൂന്നു മൂന്നുനേരം ആഹാരം കഴിച്ചിരുന്നു. ഇന്നോ? അതു പോലെ അനാഡംബരതയും. ഇതെല്ലാം തപസ്സിൽ പെട്ടും. വാസ്തവത്തിൽ മുമ്പ് ഗവണ്മെൻറപ്പെടുത്താതെ ധർമ്മശാസ്ത്രത്താൽ ഏപ്പെടുത്തപ്പെട്ട റേഷൻ വ്യവസ്ഥയുണ്ടായിരുന്നു. ജനങ്ങൾ അതനുസരിച്ചുമിരുന്നു. അതുനിമിത്തം അന്നു ഭക്ഷണക്ഷാമമുണ്ടായിരുന്നില്ല. വെള്ളക്കാർ വരുന്നതിന് മുമ്പുള്ള ഇൻഡ്യയുടെ സമൃദ്ധിയെപ്പററി ഇൻഡ്യ സന്ദർശിച്ച യൂറോപ്യന്മാർ എഴുതിയിട്ടുള്ള പ്രാചീന രേഖകൾ നിങ്ങൾ നോക്കി പഠിക്കണം. ഗവണ്മെൻറപ്പെടുത്തുന്ന റേഷനേക്കാൾ എത്ര വിജയപ്രദമാണ് ധർമ്മശാസ്ത്രം ഏർപ്പെടുത്തുന്ന റേഷനെന്നു നിങ്ങൾക്കതിൽനിന്നു മനസ്സിലാക്കാൻ കഴിയും.

അടുത്തതു് സത്യം. സത്യമുണ്ടെങ്കിൽ കരിഞ്ചന്തയുണ്ടോ? ആളും തരവും നോക്കിയുള്ള അന്യായ വില വച്ച കച്ചവടമുണ്ടോ? "കള്ളംപറയുന്ന ഹിന്ദുവിനെ കാണാൻ സാദ്ധ്യമല്ല" എന്നാണ് ഇരുന്നൂറുവർഷം മുമ്പുവരെ ഇൻഡ്യ സന്ദർശിച്ച വിദേശികൾ രേഖപ്പെടുത്തിയിട്ടുള്ളതു്. ഇന്നോ? ആരേയും ഒന്നിനും വിശ്വസിക്കാൻ വയ്യാത്ത പരിതഃസ്ഥിതിയായിട്ടുണ്ടു്. ഇന്നു "ഒരാൾ കളവുപറയുകയില്ല" എന്നു പറഞ്ഞാൽ ഒന്നുകിൽ "അതു കെട്ടുകഥ. അല്ലെങ്കിൽ അയാൾ കൊള്ളരുതാത്തവൻ" എന്നാണ് തീർപ്പുണ്ടാകുക.

മൂന്നാമത്തേതു് ദയയാണ്. ദയയുടെ അംശം മനുഷ്യരിൽ കുറഞ്ഞു കുറഞ്ഞു തന്നെ വരുന്നു. ദയയെപ്പററി പ്രസംഗിച്ചു നേതാക്കന്മാരാകാനും മററുള്ളവരുടെ പണം അപഹരിക്കാനും തയാറുള്ള വളരെപ്പേരുണ്ടു്. അതായതു് ദയയുടെ പേരിൽ മുതലെടുക്കുന്നവർ. ഇന്നു മനുഷ്യർ കച്ചവടമനഃസ്ഥിതിക്കാരായിരിക്കുന്നു. ഏതു പ്രവൃത്തിയെപ്പററി പറഞ്ഞാലും, "അതു ചെയ്താലെന്തുകിട്ടും?" എന്നാണ് ആളുകളുടെ ചോദ്യം. [illegible]ഷ കൂടാതെ കർമ്മം ചെയ്യുന്നതെന്നാണ് ധർമ്മം നമ്മെ പഠിപ്പിക്കുന്നതു്.

"ധർമ്മവാണിജ്യകോ ഹീനഃ"

എന്നു ഭാരതം. "സ്വധർമ്മം ചെയ്യണം. എന്തിനെന്നു ചോദിക്കരുതു്." ഇതാണ് മതോപദേശം. നിഷ്കാമകർമ്മം — അതു നിഷ്ഫലകർമ്മമല്ല ("ന കർമ്മാ-ന്നിഷ്ഫലം കർമ്മ") അതാണ് നാം ചെയ്യേണ്ടതു്. എന്തു കർമ്മം ചെയ്യുന്നതെന്നാണെങ്കിൽ, സ്വധർമ്മം. തന്റെ വാസനയനുസരിച്ച് [illegible]ത്തിനു കൊള്ളാവുന്ന

ത്തും താൻ പഴകി പരിചയിച്ചിട്ടുള്ളതുമായ കർമ്മം ഏതെന്തരം. അതുകൊണ്ട് മനഃശുദ്ധി, ഈശ്വരദർശനം, വസ്തുസ്വത്വപരിജ്ഞാനം. അതിനാൽ മോക്ഷവും ഫലം. ഇപ്രകാരം സകല കർമ്മവും നിഷ്കാമമായി ചെയ്യണമെന്ന് ധർമ്മം ശാസിക്കുമ്പോൾ, ഏതു ചെയ്താലും — വൃദ്ധയായ അമ്മയെ ശുശ്രൂഷിച്ചാലും, രോഗിയായ അച്ഛനു കുറച്ചു വെള്ളം കുടിക്കാൻ കൊടുത്താലും — "അതുകൊണ്ടെന്തുകിട്ടും?" എന്നു ചോദിക്കുന്ന മനഃസ്ഥിതിയാണ് സമുദായത്തിൽ ഇന്നു വന്നിരിക്കുന്നത്. ഇതിനുമീതെ അധഃപതനം എന്തു വരാനുള്ളു? 'ദയ' എന്നതുപോലും താഴ്ന്ന നിലയാണെന്നാണ് ഭാഗവതവും സ്വാമി വിവേകാനന്ദനും പറയുന്നത്.

"സർവ്വഭൂതേഷു യഃ പശ്യേൽ
ഭഗവദ്ഭാവമാത്മനഃ
ഭൂതാനി ഭഗവത്യാത്മ-
ന്യേഷ ഭാഗവതോത്തമഃ."
"ഈശ്വരേ തദധീനേ ച
ബാലിശേഷു ദ്വിഷത്സു ച
പ്രേമമൈത്രീദയോപേക്ഷാം
കരോതി യഃ സ മദ്ധ്യമഃ."

എന്നു ഭാഗവതം. "എല്ലാം ഈശ്വരനായി കണ്ടുപാസിക്കുന്നവൻ ഉത്തമഭക്തൻ. ഈശ്വരങ്കൽ പ്രേമവും ഭക്തന്മാരിൽ മൈത്രിയും പ്രാപഞ്ചികന്മാരായി കഷ്ടപ്പെടുന്നവരിൽ ദയയും ശത്രുക്കളിൽ ഉപേക്ഷയും വയ്ക്കുന്നവൻ മദ്ധ്യമൻ.

"തത്ത്വമതമേവ യദവാദീൽ ഭഗവാൻ ചൈതന്യഃ —
പ്രേമ ഈശ്വരെ, ദയാ ജീവെ ഇതി | ദ്വൈതവാദി

ത്പാൽ തത്ര ഭഗവതഃ | അസ്മാകം തു അദ്വൈതപരാണാം ജീവബുദ്ധിർബന്ധനായ ഇതി | തദസ്മാകം പ്രേമ ഏവ ശരണം —ന ദയാ | ജീവേ പ്രയുക്തഃ ദയാശബ്ദോപി സാഹസികജല്പിത ഇതി മന്യാമഹെ | വയം ന ദയാമഹേ, അപിതു സേവാമഹെ | നാനുകമ്പാനുഭൂതിരസ്മാകം, അപിതു പ്രേമാനുഭവഃ സ്വാനുഭവഃ സർവ്വസ്മിൻ."

(ഈശ്വരങ്കൽ പ്രേമവും ജീവനിൽ ദയയുമെന്നു ഭഗവാൻ ചൈതന്യൻ പറഞ്ഞതു് അദ്ദേഹം ദ്വൈതവാദിയായതുകൊണ്ടു് അദ്ദേഹത്തിനു ശരി. എന്നാൽ അദ്വൈതപരന്മാരായ നമുക്കു് ജീവബുദ്ധി ബന്ധത്തിനു കാരണമാണു്. അതുകൊണ്ടു നമുക്കു് പ്രേമം തന്നെ ശരണം. ദയയല്ല. ജീവനിൽ ദയയെന്ന പദം പ്രയോഗിക്കുന്നതുപോലും സാഹസികജല്പിതമാണു്. നമുക്കു് ദയയല്ല, സേവയാണു്. നമുക്കു് അനുകമ്പാനുഭവമല്ല. എല്ലാററിലും പ്രേമാനുഭവമാണു് സ്വാനുഭവം, എന്നു സ്വാമിജി പറയുന്നു. **"Who feels there for the two hundred millions of men and women sunk for ever in poverty and ignorance? Where is the way out?." "Let these people be your God"** (അവിടെ, - ഇൻഡ്യയിൽ - എന്നും ദാരിദ്ര്യത്തിലും അജ്ഞാനത്തിലും മുങ്ങിക്കിടക്കുന്ന ഇരുപതുകോടി ജനങ്ങളെപ്പററി ആരാലോചിക്കുന്നു? ഇതിൽനിന്നു പുറത്തുവരാനുള്ള വഴിയെന്തു്? ഇവർ നിങ്ങളുടെ ഈശ്വരനായിരിക്കട്ടെ") **'Him I call a mahatman whose heart bloods for the poor, otherwise he is a duratman'.** ആരുടെ ഹൃദയം പാവങ്ങൾക്കുവേണ്ടി രക്തമൊലിപ്പിക്കുന്നുവോ അ

യാളെ ഞാൻ ഒരു മഹാത്മാവെന്നു വിളിക്കുന്നു. അല്ലെങ്കിൽ അയാറം ഒരു ദുരാത്മാവാണ്.) എന്നു വിവേകാനന്ദ സ്വാമികറം 1894-ൽ ചിക്കാഗോവിൽ നിന്നയച്ച ഒരു കത്തിൽ പറയുന്നു. " May I be born again and again, and suffer thousands of miseries so that I may worship the only God that exists, the only God I believe in the sum total of all souls - and above all, my God the wicked, my God the miserable, my God the poor of all races, of all species, is the special object of my worship " എന്നു സ്വാമിജി 1897 ജൂലൈ 9-ാം തിയതി അൽമോറയിൽനിന്നെഴുതുന്നു. സവ്വത്ര ഈശ്വരനിരിക്കുന്നതിനാൽ സവ്വത്ര ഈശ്വരനെ കണ്ടാരാധിക്കണം. അതു കഴിയുകയില്ലെങ്കിൽ കഷ്ടപ്പെടുന്നവരിൽ അനുകമ്പയോടുകൂടിയെങ്കിലും ജീവിക്കണം. കഷ്ടപ്പെടുന്നവരെ സേവിക്കാനുള്ള സന്നദ്ധതയുണ്ടെങ്കിൽപിന്നെ കഷ്ടപ്പെടുന്നവരെവിടെയുണ്ടാകും?

നാലാമത്തേതു് ശൌചമാണ്. ഇന്നത്തെ പരിഷ്കാരംകൊണ്ടു് ഉണ്ടാൽ കൈ കഴുകേണ്ട, വെളിക്കിറങ്ങിയാൽ ശൌചംവേണ്ട, എന്നുവരെയായിട്ടുണ്ടു്. ധമ്മം നമ്മോടു് "അപോശാനവ്രതം ചര" എന്നു പറയുന്നു. മൂത്രവിസജ്ജനം ചെയ്താൽകൂടി ശൌചം ചെയ്യണമെന്നു വിധിക്കുന്നു. ഇന്നു പല്ലുതേക്കാതെ ബെഡ്കാഫി കുടിക്കുന്നവരെത്ര? മൂക്കും വായും പുകക്കുഴലാക്കി പിടിപ്പിക്കുന്നതു് അഭിമാനകരമായും സന്തോഷമായും കരുതുന്നവരെത്ര? ഇൻഡ്യാക്കാരനു മുറുക്കെന്നൊരു ദുവൃത്തികേടുണ്ടായിരുന്നു; സായ്പിനു് പുകവലിയുണ്ടായിരുന്നു. ഇന്നു നമുക്കു പാശ്ചാത്യപൌരസ്ത്യസങ്കലനം വന്നിരിക്കയാണ്. രണ്ടും

ന്നിരിപ്പെട്ടത്തിരിക്കയാണ്. 'ഏകജാതി' വന്നതോടുകൂടി ആക്കും പ്രാതഃസ്നാനം, മൂത്രശൌചം, കൈകടിച്ചാൽ കുഴുകുക, മുതലായവ വേണ്ടെന്നു വന്നിട്ടുണ്ടു്. മുമ്പ് ബ്രാഹ്മണൎക്കെങ്കിലും അതെല്ലാമുണ്ടായിരുന്നു. "ബ്രാഹ്മണനെ പറയനാക്കാനല്ല; പറയനെ ബ്രാഹ്മണനാക്കുകയാണ് എൻെറ ലക്ഷ്യം" എന്നാണ് സ്വാമിജി പറഞ്ഞിട്ടുള്ളതു്. അങ്ങനെയുള്ള ഏകജാതിയാണുണ്ടാകേണ്ടതു്. അതിന്നു കുറച്ചു ബുദ്ധിമുട്ടുണ്ടു്. സംഹരിക്കാനെളുപ്പം: സൃഷ്ടിക്കാൻ കുറെ പ്രയാസമുണ്ടു്. അതുകൊണ്ടു് നാം ശ്രദ്ധിച്ചുവേണം സമുദായ പരിഷ്കാരത്തിലേപ്പെടാൻ. ശുചിത്വമുണ്ടെങ്കിൽ ഇന്നുള്ള രോഗങ്ങളിൽ പകുതിയും ഒഴിവാക്കാം. മരുന്നുകൾക്കും ആസ്പത്രികൾക്കും ചിലവാക്കുന്ന വളരെ സംഖ്യ ലാഭമെടുക്കാം.

ഇനി മറെറാന്നു് ദാനമാണു്. ഭാഗവതത്തിൽ ഒരു സ്ഥലത്തു് ശൌചത്തിൻെറ സ്ഥാനത്തു് ദാനമെന്നാണ് പ്രയോഗിച്ചിരിക്കുന്നതെന്നു് പറഞ്ഞല്ലൊ.

വിപ്രാസ്സിൻ നഗരെ മഹാൻ കഥയ ക-
സ്താലദ്രുമാണാം ഗണഃ
കോ ദാതാ? രജകോ ദദാതി വസനം
പ്രാതർഗൃഹീത്വാ നിശി
കോ വിദ്വാൻ? പരവിത്തവഞ്ചനവിധൌ
സർവ്വോപി വിദ്വജ്ജനഃ

എന്നു പറഞ്ഞതുപോലെയായിട്ടുണ്ടു് കാലത്തിൻെറ സ്ഥിതി. പ്രതിഫലമിച്ഛിക്കാതെ ആക്കും ഒന്നും കൊടുക്കാനാളില്ലെന്നായിട്ടുണ്ടു്. മുമ്പു ചിലർ സ്വൎഗ്ഗത്തെയാഗ്രഹിച്ചെങ്കിലും ചെയ്തിരുന്നു. ഇന്നു സ്വൎഗ്ഗത്തിലുള്ള വിശ്വാസം നശിച്ചു: മോക്ഷത്തിനുള്ള ആഗ്രഹം ഇ

ല്പതാനം. പിന്നെ ചെയ്യുന്നതെല്ലാം പുണ്യബുദ്ധിയാലല്ല ന്നുവെന്നു കരുതിയോ കീർത്തിക്കായിട്ടോ ചിലരെ മുഷിപ്പിക്കാൻ പ്രയാസമായതുകൊണ്ടോ ചിലതെല്ലാം ഇരട്ടിയായിട്ടു് തിരിച്ചുകിട്ടുമെന്നു കരുതിയോ ആണ്. ഈവ തരക്കാരെപ്പററി ഗീതയുടെ അഭിപ്രായം ഞാൻ മററൊരു കാര്യം പറഞ്ഞപ്പോൾ പ്രസ്താവിച്ചു.

യത്തു പ്രത്യുപകാരാർത്ഥം
ഫലമുദ്ദിശ്യ വാ പുനഃ
ദീയതെ ച പരിക്ലിഷ്ടം
തദ്ദാനം രാജസം സ്മൃതം.
അദേശകാലെ യദ്ദാന-
മപാത്രേഭ്യശ്ച ദീയതെ
അസൽകൃതമവജ്ഞാതം
തത്താമസമുദാഹൃതം

പ്രത്യുപകാരം വിചാരിച്ചോ ഫലം ഉദ്ദേശിച്ചോ മനസ്സില്ലാതെ കൊടുക്കുന്ന ദാനം രാജസം. ദേശവും കാലവുമില്ലാതെ അനർഹരായവരെ ഉദ്ദേശിച്ച് ബഹുമാനമില്ലാതെ, നിന്ദയോടുകൂടി കൊടുക്കുന്ന ദാനം താമസമെന്നു പറയപ്പെടുന്നു. ഇന്നു ഹിന്ദുക്കൾ ഓരോ കാര്യത്തിനു പണം കൊടുക്കുന്നതു് ഏതുതരം ദാനമാണെന്നു് ഇതു നോക്കി നിങ്ങൾക്കു തീർച്ചപ്പെടുത്താവുന്നതാണ്. വാസ്തവമായ ദാനമെവിടെ? ദാനമൊന്നാണ് കലിയുഗത്തു് മുഖ്യധർമ്മമെന്നു പരാശരൻ പറയുന്നു.

തപഃ പരം കൃതയുഗെ
ത്രേതായാം ജ്ഞാനമുച്യതെ
ദ്വാപരെ യജ്ഞമേവാഹു-
ർദ്ദാനമേകം കലൌ യുഗെ.

അതും ഇന്നു നശിച്ചിരിക്കുന്നു.

"ദേയം ദീനജനായ ച വിത്തം"

എന്നാണു് ഗൃഹസ്ഥന്റെ കർത്തവ്യത്തെ ശങ്കരൻ പ്രകീർത്തിക്കുന്നതു്.

"ത്യാഗായ സംഭൃതാർത്ഥാനാം"

എന്നു കാളിദാസൻ.

"ആത്മാർത്ഥം പാചയേന്നാന്നം"

(തനിക്കുവേണ്ടി വീട്ടിൽ അരിവയ്ക്കരുതു്) എന്നാണു് ഗൃഹസ്ഥധർമ്മം ഭാരതത്തിൽ പറയുന്നതു്.

"യോ ദദ്യാദപരിക്ലിഷ്ട-
മന്നമധ്വനി വർത്തതെ
ശ്രാന്തായാദൃഷ്ടപൂർവ്വായ
തസ്യ പുണ്യഫലം മഹൽ"

(ക്ഷീണിച്ചവനും മുമ്പു പരിചയമില്ലാത്തവനും ആയ വഴിയാത്രക്കാരനു യാതൊരു മനഃക്ലേശവും കൂടാതെ ചോറുകൊടുക്കുന്നവന്റെ പുണ്യഫലം വളരെ വലുതാണു്.)

"ദേയമാർത്തസ്യ ശയനം
സ്ഥിതശ്രാന്തസ്യ ചാസനം
തൃഷിതസ്യ ച പാനീയം
ക്ഷുധിതസ്യ ച ഭോജനം"

(രോഗിക്കു് കിടക്കാൻ കൊടുക്കണം. നിന്നു ക്ഷീണിച്ചവനു് ഇരിപ്പാൻ കൊടുക്കണം. ദാഹിച്ചവനു കുടിക്കാൻ കൊടുക്കണം. വിശന്നവനു് ഊണു കൊടുക്കണം.) എന്നു മഹാഭാരതം.

"യജ്ഞശിഷ്ടാശിനഃ സന്തോ

മുച്യന്തെ സൎവ്വ കിൽബിഷൈഃ

എന്നു ഗീത. ഗൃഹസ്ഥന്മാർ ഇപ്രകാരം ദാനശീലന്മാരായിഉണ്ണാനും ഉടുപ്പാനും കിടപ്പാനും ഇല്ലാത്തവൎക്ക് അതു കൊടുക്കുന്നവരായി ജീവിക്കയാണെങ്കിൽ പിന്നെ ദാരിദ്ര്യമെവിടെ?

ഇങ്ങനെ ധർമ്മംകൊണ്ട് പരിഹരിക്കപ്പെടുവാൻ കഴിയാത്ത കാൎയ്യമൊന്നുമില്ല.

"ഊൎദ്ധ്വബാഹുർവിരൌമ്യേഷ
ന ച കശ്ചിൽ ശൃണോതി മെ
ധർമ്മാദൎത്ഥശ്ച കാമശ്ച
സ കിമൎത്ഥം ന സേവ്യതെ

13851

എന്നു വ്യാസൻ ചോദിക്കുന്നു. ധർമ്മത്തെ ശങ്കിക്കരുതു്.

"ധൎമ്മാതിശങ്കീ പുരുഷസ്തിൎയ്യഗ്ഗതിപരായണഃ"

യസ്യനാൎഷം പ്രമാണം സ്യാൽ
ശിഷ്ടാചാരശ്ച ഭാമിനി!
ന വൈ തസ്യ പരോ ലോകോ
നായമസ്തീതി നിശ്ചയഃ.
ആൎഷം പ്രമാണമുൽക്രമ്യ
ധർമ്മം ന പ്രതിപാലയൻ
സൎവ്വശാസ്ത്രാതിഗോ മൂഢഃ
ശം ജന്മസു ന വിന്ദതി.

ധർമ്മമുണ്ടോ എന്നുംമററും ശങ്കിക്കുന്നവൻ മൃഗജന്മത്തിലേക്ക് പോകുന്നവനാണു്. ഋഷിവാക്യവും ശിഷ്ടാചാരവും പ്രമാണമാക്കാത്തവനു് ഇഹലോകവുമില്ല; പരലോകവുമില്ല നിശ്ചയം. ആൎഷപ്രമാണത്തെ വകവെയ്ക്കാതെയും ധർമ്മത്തെ പാലിയ്ക്കാതെയും ഇരിയ്ക്കുന്ന, സൎവ്വശാസ്ത്രങ്ങളേയും ലംഘിക്കുന്ന മൂഢനു് ഈ ജന്മത്തും

ജന്മാന്തരങ്ങളിലും -സുഖമില്ല.

യോ ഹി ധർമ്മം പരിത്യജ്യ
ഭവത്യർത്ഥപരോ നരഃ
സോഽസ്മാച്ച ഹീയതെ ലോകാൽ
ക്ഷുദ്രഭാവം ച ഗഛതി

ധർമ്മത്തെ വെടിഞ്ഞു് പണമുണ്ടാക്കുന്നതിൽ തല്പരനായവൻ ഈ ലോകത്തും അധഃപതിക്കുന്നു; ജന്മാന്തരങ്ങളിലും നീചജീവിയായിത്തീരുന്നു.

രാജാക്കന്മാർ രാജധർമ്മം പാലിച്ചിരുന്ന കാലത്തു് രാജ്യത്തിനും രാജാക്കന്മാൎക്കും ഐശ്വൎയ്യമുണ്ടായിരുന്നു. രാജധർമ്മമെന്തായിരുന്നു? ദ്രൗപദി വിരാടനോടു പറയുന്നു:—

"ദീനാന്ധകൃപണാശക്ത -
പങ്ഗുകുബ്ജജഡാദികാൻ
അനാഥബാലവൃദ്ധാംശ്ച
പുരുഷാൻ വാ സ്ത്രിയോപി വാ
ദുഷ്ടചോരാഭിഭൂതാംശ്ച
പാലയേദവനീപതിഃ
അനാഥാനാം ച നാഥഃ സ്യാ-
ദപിതൃണാം പിതാ നൃപഃ
മാതാ ഭവേദമാതൄണാം
അഗുരൂണാം ഗുരുർഭവെൽ
അദണ്ഡ്യാൻ ദണ്ഡയൻ രാജാ
ദണ്ഡ്യാംശ്ചൈവാപ്യദണ്ഡയൻ
സ രാജാ ന ഭവേല്ലോകെ
രാജശബ്ദസ്യ ഭാജനം:
കാൎയ്യാകാൎയ്യവിശേഷജ്ഞാഃ

കാമകാരേണ പാൎത്ഥിവാഃ
പ്രജാസു കില്ബിഷം കൃത്വാ
നരകം യാന്ത്യധോമുഖാഃ." എന്ന്.
"പ്രജാനാമേവഭൂത്യൎത്ഥം
സ താഭ്യോ ബലിമഗ്രഹീൽ"
എന്ന് കാളിദാസൻ.

ഭാരതത്തിൽ സ്വേച്ഛാധിപന്മാരായ രാജാക്കന്മാർ ഒരിക്കലും അനുവദിക്കപ്പെട്ടിരുന്നില്ല. മുൻകാലത്തു് രാജാക്കന്മാർ സ്വേച്ഛാധിപതികളായിരുന്നുവെന്നു് പറയുന്നതു് അസംബന്ധമാണു്. രാജാക്കന്മാർ ധൎമ്മാധീനരായിരിക്കണമെന്നായിരുന്നു നിയമം. രാജാവും ധൎമ്മത്തിനുതാഴെയായിരുന്നു. ധൎമ്മംവിട്ട രാജാവിനെ ആദ്യം കൊന്നതു് ഭാരതീയരാണു്. വേനനെ ആദ്യം കൊല്ലിച്ചതു ഭാരതീയരാണു്; ഹിരണ്യനെയും. ഇൻഡ്യയിൽ ഒരിക്കലും സ്വേഛാധിപത്യം അനുവദിക്കപ്പെട്ടിരുന്നില്ല. ശീൎണ്ണപൎണ്ണാശനന്മാരും പൎണ്ണശാലാവാസികളും ഭൂതലശയ്യാതൃപ്തരും വല്കലാജിനധാരികളും യത്രകചചനശായികളും ഫലമൂലാശികളും തപോനിഷ്ഠന്മാരും സത്യവചസ്സുകളുമായ ഋഷിമാർ അനാദ്യന്തങ്ങളും നിത്യങ്ങളും സനാതനധൎമ്മപ്രതിപാദകങ്ങളും ആയ വേദങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിച്ച ധൎമ്മങ്ങളെ അനുസരിച്ചാണു് എല്ലാവരും ജീവിച്ചിരുന്നതു്.

ധൎമ്മം പരഃ പാണ്ഡവ: രാജ്യലാഭാൽ
തസ്യാദിമാഹുസ്തപ ഏവ രാജൻ!
സത്യാൎജ്ജവാഭ്യാം ചരതാസ്വധൎമ്മം
ജിതസ്തഥായമയം ച പരശ്ച ലോകഃ

എന്നു ശ്രീകൃഷ്ണൻ ധർമ്മജനോടു പറയുന്നു. "രാജ്യത്തേക്കാറം വലുതാണു് ധർമ്മം. അതിൻെറ മൂലം തപസ്സാണു്. സത്യം, ആർജ്ജവം, എന്നിവയോടുകൂടി സ്വധർമ്മം അനുഷ്ഠിക്കുന്ന അങ്ങയാൽ ഇഹലോകവും പരലോകവും ജയിക്കപ്പെട്ടിരിക്കുന്നു". എന്നാൎത്ഥം. രാജാക്കന്മാർ ധർമ്മം ത്യജിച്ചു. അവർ നാമാവശേഷരായി. ബ്രാഹ്മണരും ധർമ്മം ത്യജിച്ചിരിക്കുന്നു.

നിവൃത്തയജ്ഞസ്വാധ്യായാ
ദണ്ഡാജിനവിവൎജ്ജിതാ:
ബ്രാഹ്മണാഃ സൎവ്വഭക്ഷാശ്ച
ഭവിഷ്യന്തി കലൌ യുഗെ"

യജ്ഞവും സ്വാധ്യായവുമില്ലാത്തവരും– (ഇതു ഗൃഹസ്ഥന്മാരെപ്പററിയാണു്) ദണ്ഡവും തോലും ഉപേക്ഷിച്ചവരും (ബ്രഹ്മചാരികറം) ആയി ബ്രാഹ്മണർ എന്തും തിന്നുന്നവരായിത്തീരും കലിയുഗത്തിൽ. അവരും മിക്കവാറം നാമാവശേഷരായിക്കഴിഞ്ഞു.

"ഭൂയിഷ്ഠം കൂടമാനൈശ്ച
പണ്യം വിക്രീണതെ ജനാഃ
വണിജശ്ച നരവ്യാഘ്ര
ബഹുമായാ ഭവന്ത്യുത."

കച്ചവടത്തിലധികവും കള്ളക്കച്ചവടമായി കഴിഞ്ഞിരിക്കുന്നു. കള്ളക്കച്ചവടം നിമിത്തം കച്ചവടക്കാർ നശിക്കാറായി. ഭാൎയ്യമാരെ പ്രസാദിപ്പിക്കയും മക്കളെ അലങ്കരിപ്പിക്കയും ജാമാതാക്കളെ പൂജിക്കയും പത്തിന്ദ്രിയങ്ങളും നിറച്ചു രസിച്ചിട്ടു് പതിനൊന്നാമതൊരിന്ദ്രിയമില്ലല്ലോ എന്നു ദുഃഖിക്കയും ചെയ്യാനാണു് പണമെന്ന വിചാരം നിമിത്തം ധനികന്മാർ നാശത്തിൻെറ വക്കി

ലെത്തിയിരിക്കുന്നു. ലോകം അപകടത്തിലായിരിക്കുന്നു.

ലോകരക്ഷക്കുള്ള സന്ദേശം തരാൻ അവതരിച്ച ഭഗവാൻ ശ്രീരാമകൃഷ്ണൻെറ സന്ദേശം കേൾക്കുവിൻ! ധർമ്മമൊന്നാണെങ്കിലും അതിനു കാലദേശാവസ്ഥാനുസരണം മാററമുണ്ട്. ഈ യുഗത്തിൽ ധർമ്മത്തെ ഏതേതു ഭാവത്തിൽ അനുഷ്ഠിക്കാൻ കഴിയുമെന്നും അനുഷ്ഠിക്കണമെന്നും പഠിപ്പിക്കാനാണു് ശ്രീരാമകൃഷ്ണദേവൻ അവതരിച്ചതു്. ഭഗവാൻെറയും തൽ സന്ദേശവാഹകനായ ശ്രീ വിവേകാനന്ദസ്വാമിയുടേയും ഉപദേശം പഠിക്കുവിൻ! ഭഗവാൻ ശ്രീരാമകൃഷ്ണൻ കേരളത്തിൽ വന്നിട്ടില്ല. ശിഷ്യന്മാരിലും അധികംപേർ കേരളത്തിൽ വന്നിട്ടില്ല. അങ്ങനെ വന്നവരിൽ ഒരാളാണു് ഭഗവാൻെറ മാനസപുത്രനായ ശ്രീ ബ്രഹ്മാനന്ദസ്വാമികൾ. അദ്ദേഹം ഒരിക്കലെ വന്നിട്ടുള്ളു. വന്നപ്പോഴും കുറച്ചു സ്ഥലമെ സന്ദർശിച്ചുള്ളു. അക്കൂട്ടത്തിൽ അദ്ദേഹത്തെ സ്വീകരിക്കാൻ ഭാഗ്യം ലഭിച്ച താലൂക്കുകളിലൊന്നാണു് മാവേലിക്കര. ആദ്യം രാമകൃഷ്ണാശ്രമത്തിനു കല്ലിട്ടതു് തിരുവല്ലായിലും, ഉൽഘാടനം നടത്തിയതു് ഹരിപ്പാട്ടുമാണു്. ഈ രണ്ടു പ്രധാനസ്ഥലങ്ങളോടും തൊട്ടു മദ്ധ്യത്തിൽ നില്ക്കുന്ന സ്ഥലമാണു് മാവേലിക്കര. ഈ മാവേലിക്കര എല്ലാംകൊണ്ടും ഭഗവാൻെറ സന്ദേശം പ്രചരിപ്പിക്കുന്നതിൽ മുൻകൈ എടുത്തു പ്രവത്തിക്കാൻ അർഹതയുള്ളതാണു്. ഇന്നത്തെ ധർമ്മക്ഷയം ഇല്ലാതാക്കാൻ മാവേലിക്കര മുന്നിട്ടു പ്രവത്തിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഭഗവാൻ അനുഗ്രഹിക്കട്ടെ!

## ഏഷ്യയിലെ മഹാമതങ്ങൾ

മൂലഗ്രന്ഥകാരൻ:- റവറൻഡ് ജെ. ടി. സണ്ഡർലൻഡ്.

പരിഭാഷകൻ:- ആഗമാനന്ദസ്വാമികൾ.

എല്ലാമതങ്ങളും എങ്ങനെ പരസ്പരം യോജിക്കുമെന്നു കാണിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥം.

വില അണ നാലു്.

## ഹിന്ദുക്കളെ സംഘടിപ്പിൻ!

ഹിന്ദുക്കൾ എന്തിനു സംഘടിക്കണമെന്നു് ഈ ലഘുഗ്രന്ഥം പഠിപ്പിക്കുന്നു.

വില മൂന്നു പൈസ.

## ലോകരക്ഷോപായം

തിരു-കൊച്ചി രാജപ്രമുഖൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ വൈററില ശ്രീരാമകൃഷ്ണാശ്രമത്തിൽ വച്ചു് ശ്രീ ആഗമാനന്ദസ്വാമികൾ ചെയ്ത പ്രസംഗം.

വില അണ രണ്ടു്.

മാനേജർ,

അദ്വൈതാശ്രമം,

KALADY P. O.

Travancore-Cochin State.

# പ്രബുദ്ധകേരളം

നിർമ്മതത്വത്തേയും നിരീശ്വരവാദത്തേയും ഉച്ചാടനംചെയ്തു സർവ്വമതങ്ങളും ഒരേലക്ഷ്യത്തിലേക്കുള്ള വഴികളെന്നു പ്രഖ്യാപിക്കുന്ന ശ്രീരാമകൃഷ്ണവിവേകാനന്ദാദർശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടു മുപ്പത്തിയാറു വർഷമായി നിലനിന്നുപോരുന്ന കേരളത്തിലെ ഏകമതവിഷയമാസിക.

വരിക്കാരായി ഉടൻ ചേരുവിൻ!

വരിസംഖ്യ ഒരാണ്ടത്തേക്ക് 5 ക.

മാനേജർ, പ്രബുദ്ധകേരളം,
KALADY, P. O.
Travancore-Cochin State.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M 294 Acc. No. 13851

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

13851

M 294
AGA - D

അനന്താനന്ദസ്വാമികൾ
വർണ്ണം

M
294
[illegible]
D

KOTTAYAM PUBLIC LIBRARY

Call No M294 Acc. No 13851

Author [illegible]

Title [illegible]